**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2045** **11-10-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി കാരുണ്യ പദ്ധതി നടപ്പാക്കിയതിനു ശേഷം കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പ സാമ്പത്തിക വർഷവുമായി ഇതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും എത്ര രോഗികൾക്ക് എത്ര രൂപയുടെ ധനസഹായങ്ങൾ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി കാരുണ്യ പദ്ധതി നടപ്പാക്കിയതിനു ശേഷം കഴിഞ്ഞ സാമ്പത്തിക വർഷം 265527 ഗുണഭോക്താക്കൾക്ക് ചികിത്സ നൽകി. ഇവയിൽ പിരശോധന പൂർത്തിയായ ക്ലെയിമുകളിൽ 476,66,36,608/- രൂപാ ആശുപത്രികൾക്ക് നൽകി. നടപ്പ സാമ്പത്തിക വർഷം 276348 ഗുണഭോക്താക്കൾക്ക് ചികിത്സ നൽകി. ഇവയിൽ പരിശോധന പൂർത്തിയായ ക്ലെയിമുകളിൽ 520,63,26,784/- രൂപ ആശുപത്രികൾക്ക് നൽകി. |
| (ബി) | മേൽപ്പറഞ്ഞതിൽ കേന്ദ്ര സർക്കാർ ഗ്രാന്റ് എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ വിഹിതമായി 138,10,61,182/- പദ്ധതി നടത്തിപ്പിനും 7.5 കോടി രൂപ ഭരണ നിർവഹണ ചിലവിനും ലഭിച്ചു. നടപ്പ സാമ്പത്തിക വർഷം നാളിതു വരെ പദ്ധതി നടത്തിപ്പിനായി 128,61,89,896/-രൂപ കേന്ദ്ര സർക്കാർ വിഹിതമായി ലഭിച്ചു. |
| (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയ ഇനത്തിൽ വിവിധ ആശുപത്രികൾക്ക് എത്ര തുക കുടിശ്ശികയായി നൽകാനുണ്ട്; സർക്കാർ, സ്വകാര്യ ആശുപത്രി തിരിച്ച് വിശദാംശങ്ങൾ നൽകാമോ; | (സി) | നിലവിൽ 415 സ്വകാര്യ ആശുപത്രികൾക്കായി 169.67 കോടി രൂപയുടെ ക്ലെയിമും 173 പൊതു മേഖല ആശുപത്രികളിലായി 251.05 കോടി രൂപയുടെ ക്ലെയിമും വിശദമായി പരിശോധനകൾക്ക് വിധേയമായി ആശുപത്രികൾക്ക് നൽകേണ്ടതുണ്ട്. |
| (ഡി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഒരപേക്ഷകന് പരമാവധി ലഭിക്കാവുന്ന ധനസഹായ തുക എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഒരപേക്ഷകന് ഒറ്റതവണത്തേക്ക് പരമാവധി ലഭിക്കാവുന്ന ചികിത്സാ ധനസഹായം 2 ലക്ഷം രൂപയാണ്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെ ലഭിക്കാവുന്നതാണ്. തുക ആശുപത്രികൾക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ